**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് -കോഴിക്കോട് പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ താൽക്കാലിക നഴ്സായിരുന്ന ശ്രീമതി ലിനി പി. എൻ. നിപ്പ വൈറസ് പനി ബാധിച്ച് മരിച്ചതിനെ തുടർന്ന് ഭർത്താവ് ശ്രീ. സജേഷ് പി. -യ്ക്ക് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ നിയമനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സർക്കാർ ഉത്തരവ് നം. 149/2018/പൊ.ഭ.വ., തീയതി 07/07/2018

**ഉത്തരവ് നമ്പർ ഇ.ഡി1-44000/2018/ആ.വ.ഡ., തീയതി: 16/07/2018.**

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ താൽക്കാലിക നഴ്സായിരുന്ന ശ്രീമതി ലിനി പി. എൻ. നിപ്പ വൈറസ് പനി ബാധിച്ച് മരിച്ചതിനെ തുടർന്ന് ഭർത്താവ് ശ്രീ. സജീഷ് പി. -ന് ജോലി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സജീഷ് പി. -യ്ക്ക് സർക്കാർ ജോലി നൽകുന്നതിന് ആരോഗ്യവകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ അധികാരപരിധിയിൽ വരുന്ന ഓഫീസിൽ എൽ. ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ ശ്രീ. സജീഷ് പി. -യെ കോഴിക്കോട് ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഉചിതമായ നിയമനത്തിനായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത ഉദ്യോഗാർത്ഥിയുടെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ശേഷം ഉചിതമായ നിയമന ഉത്തരവ് നൽകേണ്ടതും ടിയാൾ ജോലിയിൽ പ്രവേശിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവ് നിയമനത്തിനായുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
സി. എം. അജയ മോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ സി.എ.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-16/07